ബിഗ്ലിയ എ.സി മിലാനിൽ

റോം : അർജന്റീനിയൻ മിഡി ഫീൽഡർ ലൂക്കാസ് ബിഗ്ലിയ പുതിയ സീസണിൽ ഇറ്റാലിയൻ ഫുട്ബാൾ ക്ലബ് എ.സി മിലാനിൽ കളിക്കും. ഇറ്റാലിയൻ ക്ലബ് ലാസിയോയിൽ നിന്നാണ് എ സി മിലാൻ 31 കാരനായ ബിഗ്ലിയയെ സ്വന്തമാക്കിയത്.

www.keralakaumudi.com www.facebook.com/keralakaumudi

മുരളി വിജയ്ക്ക് പകരം ശിഖർധവാൻ ലങ്കയ്ക്ക്

ന്യൂഡൽഹി : ശ്രീലങ്കൻ പര്യടനത്തിനുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ പരിക്കേറ്റ ഓപ്പണർ മുരളിവിജയ്ക്ക് പകരം ഇടം കൈയൻ ഓപ്പണർ ശിഖർധവാനെ ഉൾപ്പെടുത്തി.ആസ്ട്രേലിയയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്കിടെ കൈത്തണ്ടയ്ക്ക് ഏറ്റ പരിക്കിൽനിന്ന് മോചിതനായിട്ടില്ലെന്ന് മുരളി വിജയ് അറിയിച്ചതിനെ തുടർന്നാണ് ലങ്കൻ പര്യടനത്തിൽനിന്ന് ഒഴിവാക്കിയത്. 2016 ഒക്ടോബറിൽ ന്യൂസിലൻഡിനെതിരായ ടെസ്റ്റ് പരമ്പരയ്ക്കുശേഷം ധവാൻ ടെസ്റ്റ് ടീമിലുണ്ടായിരുന്നില്ല. 31 കാരനായ ധവാൻ ഇതുവരെ 23 ടെസ്റ്റുകളിൽനിന്ന് 1464 റൺസ് നേടിയിട്ടുണ്ട്.

ഈ പര്യടനത്തിലാണ് രവിശാസ്ത്രി ഇന്ത്യൻ കോച്ച് സ്ഥാനം ഏറ്റെടുക്കുന്നത്.

■ ലങ്കൻ ടൂർ ഷെഡ്യൂൾ

മൂന്ന് ടെസ്റ്റുകൾ, അഞ്ച് ഏകദിനങ്ങൾ, ഒരു ട്വന്റി 20 എന്നിവയടങ്ങുന്ന പരമ്പരയ്ക്കാണ് ഇന്ത്യ ലങ്കയിലേക്ക് തിരിക്കുന്നത്. ഈ മാസം 21 ന് സന്നാഹദ്വിദിന മത്സരത്തോടെയാണ് പര്യടനത്തിന് തുടക്കമാകുന്നത്.

ജൂലായ് 26-30 : ഒന്നാം ടെസ്റ്റ് (ഗോൾ)
ആഗസ്റ്റ് 3-7: രണ്ടാം ടെസ്റ്റ് (കൊളംബോ)
ആഗസ്റ്റ് 12-16: മൂന്നാം ടെസ്റ്റ് (കാൻഡി)

■ ഇന്ത്യൻ സ്ക്വാഡ്

വിരാട് കൊഹ്‌ലി (ക്യാപ്ടൻ), ശിഖർ ധവാൻ, ലോകേഷ് രാഹുൽ, ചേതേശ്വരപൂജാര, അജിങ്ക്യ രഹാനെ, രോഹിത് ശർമ്മ, അശ്വിൻ, രവീന്ദ്ര ജഡേജ, വൃദ്ധിമാൻ സാഹ, ഇശാന്ത് ശർമ്മ, ഉമേഷ് യാദവ്, ഹാർദിക് പാണ്ഡ്യ, ഭുവനേശ്വർകുമാർ, മുഹമ്മദ്ഷമി, കുൽദീപ് യാദവ്, അഭിനവ് മുകുന്ദ്.

മിഥാലി രണ്ടാം റാങ്കിൽ

ദുബായ് : ഏകദിന റൺവേട്ടയിൽ ഒന്നാം സ്ഥാനക്കാരിയായി ചരിത്രം കുറിച്ച ഇന്ത്യൻ വനിതാക്രിക്കറ്റ് ക്യാപ്ടൻ മിഥാലി രാജ് ഐ.സി.സി വനിതാ ബാറ്റിംഗ് റാങ്ക് പട്ടികയിൽ രണ്ടാംസ്ഥാനത്ത് തുടരുന്നു. എന്നാൽ ഒന്നാം റാങ്കുകാരി മെഗ്‌ലാനിംഗ്രമായി വെറും അഞ്ചു പോയിന്റ് വ്യത്യാസമേ ഇപ്പോൾ മിഥാലിക്കുള്ളൂ.

ബധിര-മൂക ഒളിമ്പിക്സിൽ തിരുവനന്തപുരത്തിന്റെ പ്രതിനിധികളും

ജിജോ

നീതു

തിരുവനന്തപുരം: യു.എസ്. ഇന്റർനാഷണൽ കമ്മറ്റി ഓഫ് സ്പോർട്സ് ഫോർ ഡഫ് ആന്റ് ഡമ്പ് തുർക്കിയിലെ സാംസനിൽ ഇന്നു മുതൽ 30 വരെ നടത്തുന്ന 23-ാമത് ഒളിമ്പിക്സിൽ തിരുവനന്തപുരം സ്വദേശികളായ യു.വി നീതു ബാഡ്മിന്റണിലും ജിജോ കുര്യാക്കോസ് അത്‌ലറ്റിക്സിലും മത്സരിക്കും. നീതു കോഴിക്കോട് സുഗന്ധവ്യഞ്ജന ഗവേഷണ കേന്ദ്രത്തിലാണ് പരിശീലനം നടത്തുന്നത്. പ്രവീൺലാലാണ് പരിശീലകൻ. സി.റ്റി.സി.ആർ.ഐ ജീവനക്കാരനായ പി.ഉദയകുമാറിന്റെ മകളാണ്. തിരുവനന്തപുരം കളക്ടേറ്റിലെ ജീവനക്കാരനാണ് ജിജോ കുര്യാക്കോസ്.

ഇതിഹാസത്തിന്റെ ഇടിമുഴക്കം

▸അൻസാർ എസ്. രാജ്

ഇതിഹാസ കഥകളൊന്നും ഒറ്റരാത്രികൊണ്ട് എഴുതിത്തീർത്തവയല്ല, ഒരു ജന്മത്തിന്റെ സാഫല്യമാണവ. ഇതിഹാസ കായിക താരങ്ങളുടെ അശ്വമേധ കഥകളും അങ്ങനെതന്നെ. ഒന്നോ രണ്ടോ വിജയങ്ങളുടെ തൊങ്ങലുകൾ മാത്രമല്ല അത്. കളിക്കാലം കഴിഞ്ഞാലും കാണികളുടെ മനസിൽ ഉടവു പറ്റാത്ത ഓർമ്മ ചിത്രങ്ങളായി നിറഞ്ഞുനിൽക്കും അവരുടെ ഓരോ ചലനങ്ങളും.

കഴിഞ്ഞരാത്രി വിംബിൾഡൺ പുൽമേട്ടിൽ നക്ഷത്രങ്ങൾ പ്രഭചൊരിഞ്ഞ ആ കാശത്തിന് ചുവടെ തന്റെ എട്ടാം കിരീടവുമുയർത്തിനിന്ന റോജർ ഫെഡറർക്ക് ഉദയ സൂര്യന്റെ ശോഭയായിരുന്നു. ശോണിമയാർന്ന ആ മുഖം കണ്ണീരിൽ കുതിർന്നിരുന്നു. ഈ ലോകമൊരു ടെന്നീസ് കോർട്ടാണെങ്കിൽ, അവിടെ ചക്രവർത്തിയുടെ സിംഹാസനത്തിൽ ഒരാളേ ഉണ്ടാവുകയുള്ളൂ: റോജർ ഫെഡറർ.

കണക്കുകൾ കൊണ്ട് ചാമ്പ്യന്മാരാകുന്നവരുണ്ട്. കളിമികവുകൊണ്ട് ചാമ്പ്യന്മാരാകുന്നവരും. അവർക്ക് ഒരു പക്ഷേ കിരീട നേട്ടങ്ങളുടെ കലണ്ടർ സ്ലാമുകളോ കരിയർ സ്ലാമുകളോ ഉണ്ടാവുകയില്ല. എന്നാൽ കണക്കിലും കളിയിലും ഒരുപോലെ ചാമ്പ്യനാണ് റോജർ ഫെഡറർ. ഗ്രാൻസ്ലാമുകളുടെയും എ.ടി.പി ടൂർ ടൈറ്റിൽസിന്റെയും എണ്ണത്തിൽ മാത്രമല്ല കാണികളുടെ മനംകവരുന്ന ബാക്ക്ഹാൻഡ് ഷോട്ടുകളുടെ സൗന്ദര്യ പൂർണിമയിലും ഏവർക്കും മുന്നിലാണ് ഈ 35 കാരൻ.

16 കൊല്ലം മുമ്പ് വിംബിൾഡണിന്റെ പുൽത്തകിടിയിൽ തന്റെ ക്വാർട്ടർ ഫൈനൽ മോഹങ്ങൾക്ക് കർട്ടനിട്ട ആ മത്സരശേഷം നെറ്റിന് സമീപത്ത് ഷേക് ഹാൻഡ് നൽകി മടങ്ങുമ്പോൾ പീറ്റ് സാംപ്രസ് കരുതിയിട്ടുണ്ടാകുമോ, തന്റെ ചരിത്രകഥകൾക്ക്മേലെ ചുവന്ന പരവതാനി വിരിച്ച്നടന്നുപോകാനുള്ള ഊർജ്ജം ആ യുവാവിൽ ഉണ്ടെന്ന്. എന്നുതന്നെയായാലും 1998 ൽ പ്രൊഫഷണൽ ടെന്നിസിലേക്ക് പിച്ചവച്ചെത്തിയ ആസ്വിസ് കൗമാരക്കാരന്റെ കരിയറിലെ വഴിത്തിരിവായിരുന്ന 2001 വിംബിൾഡണിലെ പീറ്റ് സാംപ്രസിനെതിരായ പ്രീക്വാർട്ടർ വിജയം. ആ യാത്ര ക്വാർട്ടർ ഫൈനലിൽ അവസാനിച്ചെങ്കിലും ഒരു സീസൺക്കുടി കഴിഞ്ഞപ്പോൾ വിംബിൾഡൺ ട്രോഫി ഫെഡററുടെ കൈകളിലേക്ക് എത്തിയിരുന്നു.

2003 വിംബിൾഡൺ ഫൈനലിൽ മാർക്ക് ഫിലിപ്പോസസിനെ കീഴടക്കിയാണ് റോജർ ഫെഡറർ തന്റെ ആദ്യ ഗ്രാൻസ്ലാം കിരീടം സ്വന്തമാക്കിയത്. പിന്നീട് 2011 വരെ ഓരോവർഷവും ഒന്നൊഴിയാതെ ഒരു ഗ്രാൻസ്ലാം കിരീടമെങ്കിലും സ്വിറ്റ്സർലൻഡിലേക്ക്വിമാനം കയറി. ഫെഡററുടെ മാത്രമല്ല സൗന്ദര്യാത്മക ടെന്നിസിന്റെ കൂടി വസന്തകാലമായിരുന്നു ഈ കാലം. ഒരുവശത്ത് കാളക്കൂറ്റന്റെ കരുത്തുമായി റാഫേൽ നദാൽ റൊളാങ്ഗാരോസിലെ കളിമൺകോർട്ടിൽ മദിച്ചുപുളയ്ക്കുമ്പോൾ പുൽക്കോർട്ടിലും ഹാർഡ്കോർട്ടിലും ഇളംകാറ്റിന്റെ സുഖമുള്ള ബാക്ക്ഹാൻഡ് ഷോട്ടുകളും കൊടുങ്കാറ്റിന്റെ കരുത്തുള്ള എയ്സുകളുമായി ഫെഡറർ വിസ്മയം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ ഓരോ ഷോട്ടുകൾക്കുമൊപ്പം ആരാധകരുടെ മനസും തുടിച്ചു.

നദാലിനൊപ്പം നൊവാക്ക് ജോക്കോവിച്ച്, ആൻഡി മുറെ തുടങ്ങിയ ചെറുപ്പക്കാരുടെ വരവ് ഫെഡററുടെ അശ്വവേഗത്തിന് ചെറുതാണെങ്കിലും തടസമുണ്ടാക്കിയത് 2012 ന് ശേഷമാണ്. കിരീട നേട്ടങ്ങളുടെ തുടർക്കഥകൾ ഓർമ്മയിലേക്ക്മാഞ്ഞുതുടങ്ങിയപ്പോഴും കീഴടങ്ങാൻ സമ്മതിക്കാത്ത മനസുമായി ഫെഡറർ കളിക്കളത്തിൽ തുടർന്നു. തന്നിൽ നിന്നകന്നുപോകുന്ന കിരീടങ്ങളെ നോക്കി കണ്ണീരിൽ കുതിർന്ന ചെറുചിരിയോടെ. ഇതിഹാസ സൂര്യൻ അസ്തമിക്കാൻ സമയമായോ എന്ന് ആരാഞ്ഞുതുടങ്ങിയ ആരാധക ലോകത്തെ അത്ഭുതപ്പെടുത്തി ഫെഡററുടെ മടങ്ങിവരവ് കണ്ടത് ഈവർഷത്തെ ആസ്ട്രേലിയൻ ഓപ്പണിലാണ്. റാഫേൽ നദാലിനെതിരായ ആ ഫൈനലിൽ തന്റെ പ്രായം വെറുമൊരു സംഖ്യയാക്കിമാറ്റി ഫെഡറർ ജയിച്ചകയറുന്നത് കണ്ടപ്പോൾ ഇനിയുമൊരു അങ്കങ്ങൾക്ക് ബാല്യമുള്ള യോദ്ധാവ് എന്നതന്നെയാണ് തോന്നിയത്.

ജീവിതത്തിൽ 35 ഒരു ചെറിയ പ്രായമാണ്. പലരും ജീവിതം തുടങ്ങുന്ന പ്രായം. എന്നാൽ കളിക്കളത്തിൽ അതൊരു വലിയ പ്രായമാണ്. ഒരുപക്ഷേ കളി ജീവിതം അവസാനിപ്പിക്കേണ്ട പ്രായം. ആ സമയത്ത് നിങ്ങളുടെ മുൻകാല പ്രകടനങ്ങളൊന്നും വഴിനീട്ടിക്കിട്ടുവാൻ സഹായമായെന്ന് വരില്ല. പക്ഷേ ഫെഡറർ ഈ പ്രായത്തിലാണ് രണ്ട് ഗ്രാൻസ്ലാമുകൾ നേടി ജ്വലിച്ചുനിൽക്കുന്നത്. തന്റെ പ്രായത്തെയും ശരീരത്തെയും മറ്റാരെക്കാളും നന്നായി മനസിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതുകൊണ്ടാണത്. കഴിഞ്ഞ വിംബിൾഡണിന്റെ സെമിയിൽ പരാജയപ്പെട്ടശേഷം കാൽമുട്ടിലെ പരിക്കിന് ചികിത്സയിലായിരുന്ന ഫെഡറർ ആറുമാസത്തിലേറെ ഇടവേളയെടുത്ത ശേഷമാണ് ആസ്ട്രേലിയൻ ഓപ്പണിനെത്തിയതും കിരീടം നേടിയതും. തുടർന്ന് ഫ്രഞ്ച്ഓപ്പണിൽ നിന്നടക്കം വിട്ടുനിന്ന് ശരീരത്തെ സജ്ജമാക്കിയെടുത്തശേഷം വിംബിൾഡണിലേക്ക്.

വിജയങ്ങൾ ചാമ്പ്യൻമാരെ ബാധിക്കുന്നത് പലരീതിയിലാണ്. ചിലർ അതിന്റെ ലഹരിയിൽ ആക്രോശിക്കും. എതിരാളികളോട് ചീറും. ഉൻമാദലഹരിയിലായപോലെയാകും. പക്ഷേ ഫെഡറർ അക്കൂട്ടത്തിലേ ഉണ്ടായിരുന്നില്ല. എതിരാളികളോട് സൗമ്യസുന്ദരമായി മാത്രമേ അദ്ദേഹം പ്രതികരിച്ചിട്ടുള്ളൂ. വിദ്വേഷം കലർന്നൊരു നോട്ടംപോലും ആമുഖത്ത്നിന്നുണ്ടായിട്ടില്ല. തന്നെ തോൽപിക്കുമ്പോഴൊക്കെ നിറഞ്ഞ സങ്കടം ഒളിപിക്കാനാവാത്ത മുഖത്ത് ചെറുചിരിയോടെ നദാലിനെ സ്വന്തം സഹോദരനെയെന്ന പോലെ ചേർത്തുനിറുത്തിയിട്ടുണ്ട്. സ്നേഹമസൃണമായ ഈ പെരുമാറ്റമാണ് ഫെഡററെ ശരിക്കുമൊരു ചാമ്പ്യനാക്കിയത്.

ജയിക്കുമ്പോഴും തോൽക്കുമ്പോഴും കണ്ണീരണിയുന്നവനാണ് ഫെഡറർ. പിഞ്ചുപൈതലിന്റേതുപോലെ നിഷ്കളങ്കമായ, ശ്യാമാംബരം പോലെ ചുവന്നുതുടുത്ത ആകവിളിണയിൽ തങ്ങിനിൽക്കുന്ന മിഴിനീർക്കണങ്ങൾ ആരാധകരുടെ ഹൃദയത്തിലേക്ക് പെയ്തിറങ്ങിയത്.

ഫെഡറർ ഞങ്ങൾ നിങ്ങൾക്കൊപ്പം കരയുന്നു, നിങ്ങൾക്കൊപ്പം ചിരിക്കുന്നു. ഈ ചിരി ഇനിയും മായാതെ ദീർഘനാൾ തുടരട്ടെ...

ഫെഡറർ ഗ്രാൻസ്ലാം ഗ്രാഫ്

റോജർ ഫെഡറർ വിംബിൾഡൺ കിരീടം നേടുന്നത് കാണാനെത്തിയ ഭാര്യ മിർക്ക വ്യൂസ്നിക്കും (വലത്തേയറ്റം) ഇരട്ടപ്പെൺമക്കളായ മൈലാറോസും ചാർലീൻ ലിവയും ഇരട്ട ആൺകുട്ടികളായ ലിയോയും ലെനാർട്ടും ഗാലറിയിൽ

> ഈവർഷം രണ്ട് ഗ്രാൻസ്ലാം കിരീടങ്ങൾ നേടാൻ കഴിയുമെന്ന് ഞാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. പണ്ട് പീറ്റ് സാംപ്രസിനെ തോൽപ്പിച്ചു തുടങ്ങുമ്പോൾ ഇവിടെ അദ്ദേഹത്തിന്റെ കിരീട നേട്ടങ്ങൾ മറികടക്കാനാകുമെന്നും പ്രതീക്ഷിച്ചതല്ല.
> - റോജർ ഫെഡറർ

19

ഗ്രാൻസ്ലാം സിംഗിൾസ് കിരീടങ്ങൾക്ക് ഉടമ. പുരുഷ സിംഗിൾസിൽ ഏറ്റവും കൂടുതൽ കിരീടങ്ങൾഈസ്വിറ്റ്സർലൻഡുകാരന്റെ പേരിലാണ്. രണ്ടാം സ്ഥാനത്ത് റാഫേൽ നദാൽ (15)

8

വിംബിൾഡൺ കിരീടങ്ങളുമായി ഏറ്റവും കൂടുതൽ തവണ ആൾ ഇംഗ്ലണ്ട് കോർട്ടിലെ പുൽമേട്ടിൽ ചാമ്പ്യൻ

93

കരിയറിൽ ആകെ നേടിയ കിരീടങ്ങൾ

1111

വിജയങ്ങളാണ് പ്രൊഫഷണൽ കോർട്ടിൽ ഇതുവരെ നേടിയത്, 247 തോൽവികൾ.

3 വിംബിൾഡൺ നേട്ടത്തോടെ ഫെഡറർ എ.ടി.പി റാങ്കിംഗിൽ രണ്ട് പടവ് ഉയർന്ന് മൂന്നാമതെത്തി. കഴിഞ്ഞ സീസൺ അവസാനിക്കുമ്പോൾ 16-ാം സ്ഥാനത്തായിരുന്നു

■ കുടുംബം

മുൻ ടെന്നിസ് താരം മിർക്ക വ്യൂസ്നിക്കിനെ 2009 ൽ ജീവിതസഖിയാക്കി ഇരട്ടപ്പെൺകുട്ടികളായ മൈലാറോസും ചാർലീൻലിവയും ഇരട്ട ആൺകുട്ടികളായ ലിയോയും ലെനാർട്ടും മക്കൾ.

ഏറ്റവും കൂടുതൽ ഗ്രാൻസ്ലാം കിരിടങ്ങൾ നേടിയ പുരുഷതാരം

ഏറ്റവും കൂടുതൽ ആഴ്ചകൾ ഒന്നാംറാങ്കിന് അവകാശി (302)

29 ഗ്രാൻസ്ലാം ഫൈനലുകളിൽ കളിച്ചു. തോറ്റത് 10 എണ്ണത്തിൽ മാത്രം

ഏറ്റവും പ്രായമേറിയ (35 വയസ്) വിംബിൾഡൺ ചാമ്പ്യൻ

2005 മുതൽ 2008 വരെ തുടർച്ചയായി ലോറസ് സ്പോർട്സ് മാൻ ഒഫ് ദ ഇയർ അവാർഡ്

ഷീന

■ ദേശീയ സീനിയർ ഇന്റർ സ്റ്റേറ്റ് അത്‌ലറ്റിക്സ്

ചാടി നേടി ഷീന

- **ട്രിപ്പിൾ ജമ്പിൽ മലയാളി താരം ഷീനയ്ക്ക് സ്വർണം**
- **വനിതാ റിലേയിലും സ്വർണം, കേരളം തന്നെ മുന്നിൽ**

ഗുണ്ടൂർ : ആന്ധ്രയിൽ നടക്കുന്ന ദേശീയ സീനിയർ ഇന്റർ സ്റ്റേറ്റ് അത്‌ലറ്റിക്സിന്റെ മൂന്നാം ദിനത്തിലും കേരളം തന്നെ മുന്നിൽ . ട്രിപ്പിൾജമ്പിൽ എൻ.വി.ഷീനയും വനിതാ റിലേടീമും ഇന്നലെ കേരളത്തിനായി സ്വർണം നേടി. കേരളത്തിന് ഇതോടെ 89 പോയിന്റായി. 77.5 പോയിന്റുമായി ഹരിയാനയാണ് രണ്ടാം സ്ഥാനത്ത്.

ഏഷ്യൻ ചാംപ്യൻഷിപിലെ വെങ്കല മെഡൽ ജേത്രിയായ ഷീന ഇന്നലെ 12.78 മീറ്റർ ദൂരം ചാടിയാണ് ഒന്നാമതെത്തിയത്. തൃശ്ശൂർ ചേലക്കര സ്വദേശിയാണ് ഷീന. കർണാടകയുടെ ജോയലീൻ എം. ലോബോ 12.52 മീറ്റർ ചാടി വെള്ളി നേടി. 12.51 മീറ്റർ ചാടിയ ആന്ധ്രാപ്രദേശിന്റെജികാർത്തികയ്ക്കാണ് വെങ്കലം. കേരളത്തിന്റെഅലീന ജോസ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.

സ്പിന്റ് റിലേയിൽ വനിതാ ടീം സ്വർണം സമ്മാനിച്ചപ്പോൾ പുരുഷ സംഘത്തിന് വെങ്കലം കൊണ്ട തൃപ്തിപെടേണ്ടിവന്നു. 46.75 സെക്കൻഡിലായിരുന്ന 4*100 മീറ്റർ റിലേയിൽ വനിത ടീം സുവർണ ബാറ്റണേന്തിയത്.

യു.വി ശ്രീതി രാജാണ് ആദ്യ ലാപ്പിൽ ഓടിയത്. എം സുഗിനയിലൂടെയും രമ്യരാജനിലൂടെയും കൈമാറിയെത്തിയ ബാറ്റണുമായി ആങ്കർ ലാപ്പിൽ ഓടിയ മെർലിൻ ജോസഫ് സ്വർണം നേട്ടം പൂർത്തിയാക്കി. 47.50 സെക്കന്റിൽ ഫിനിഷ്ചെയ്ത കർണാടക വെള്ളിനേടിയപ്പോൾ മഹാരാഷ്ട്രയ്ക്കാണ്(47.79) വെങ്കലം. പുരുഷൻമാരുടെ സ്പിന്റ്റിലേയിൽ 41.51 സെക്കന്റിൽ ഫിനിഷ്ചെയ്ത കേരളത്തിന് വെങ്കലം കൊണ്ട തൃപ്തിപ്പെടേണ്ടിവന്നു. 41.13 സെക്കന്റിൽ ഫിനിഷ് ചെയ്ത തമിഴ്നാട് സ്വർണം നേടി. 41.25 സെക്കന്റിൽ ഓടിയെത്തിയ മഹാരാഷ്ട്രയ്ക്കാണ് വെള്ളി. കെ. ആർ അജിത്, കെ.പി അശ്വിൻ, ടി. എൻ അൽത്വാഫ്, അനന്തു പ്ജോൺ എന്നിവരാണ് കേരളത്തിനായി ബാറ്റൺ ഏന്തിയത്.

4*100 മീറ്റർ വനിതാ റിലേ സ്വർണം നേടിയ കേരള ടീം

മൂന്നാംദിനത്തിലെമത്സരത്തിന് വനിതകളുടെ 20 കിലോ മീറ്റർ നടത്തത്തിലൂടെയാണ് തുടക്കമായത്. ഡൽഹിയുടെ ബി സൗമ്യ 1:42 :23.68 സെക്കന്റിൽ സ്വർണം നേടി. കേരളത്തിനായി നടക്കാനിറങ്ങിയ കെ മരിയ മാർഗരറ്റിന് അഞ്ചാം സ്ഥാനത്തും ടെസ്സ ജോസഫിന് എട്ടാമതും എത്താനേ കഴിഞ്ഞുള്ളൂ.

വനിതകളുടെ പോൾവോൾട്ടിൽ കർണാടകയുടെ ഖയാത്തി വകരായ് 3.70 മീറ്റർ ഉയരം താണ്ടി സ്വർണം നേടി കേരളത്തിന്റെ മെൽബിടി. മാനുവലിന് അഞ്ചാമത് എത്താനായുള്ളൂ. വനിതകളുടെ 3000 മീറ്റർ സ്റ്റീപിൾചേസിൽ എ.എഫ്.ഐയുടെ ബാനറിലിറങ്ങിയ ചിന്ത യാദവ് 10.10.22 സെക്കന്റിൽ ഫിനിഷ് ചെയ്ത് സ്വർണം നേടി.

ദക്ഷിണാഫ്രിക്കയ്ക്ക് വമ്പൻ വിജയം

നോട്ടിംഗ് ഹാം : ഇംഗ്ലണ്ടിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്ക 340 റൺസിന് വിജയിച്ചു. ടെൻഡ് ബ്രിഡ്ജിൽ നടന്ന മത്സരത്തിൽ ആദ്യ ഇന്നിംഗ്സിൽ 335 റൺസിന് ആൾ ഔട്ടായ ദക്ഷിണാഫ്രിക്ക രണ്ടാം ഇന്നിംഗ്സിൽ 343/9 എന്ന സ്കോറിൽ ഡിക്ലയർ ചെയ്തു. ഒന്നാം ഇന്നിംഗ്സിൽ 205 ന് ആൾ ഔട്ടായ ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സിൽ 474 റൺസിന്റെ ലക്ഷ്യവുമായി ഇറങ്ങി 133 ന് ആൾ ഔട്ടാവുകയായിരുന്നു. ഇരു ഇന്നിംഗ്സുകളിലുമായി അഞ്ച് വിക്കറ്റ് വീഴ്ത്തിയ ഫിലാൻഡറാണ് മാൻ ഒഫ്ദമാച്ച്. ഇതോടെ നാല്മത്സര പരമ്പര 1-1 ന് സമനിലയിലായി.

വിജയത്തിനരികിൽ സിംബാബ്വെ

കൊളംബോ: ശ്രീലങ്കൻ മണ്ണിലെ ആദ്യ ടെസ്റ്റ് വിജയത്തിനരികിൽ സിംബാബ്വെ. ഇരു ടീമുകളും തമ്മിലുള്ള ഏക ടെസ്റ്റ് നാലുദിനം പിന്നിടുമ്പോൾ ഏഴ് വിക്കറ്റ് അകലെയാണ് സിംബാബ്വെയുടെ ജയം. ആദ്യ ഇന്നിംഗ്സിൽ സിംബാബ്വെ 356 റൺസും ലങ്ക 346 റൺസും നേടിയിരുന്നു. രണ്ടാം ഇന്നിംഗ്സിൽ സന്ദർശകർ 377 റൺസ് നേടിയപ്പോൾ 388 റൺസിന്റെ ലക്ഷ്യവുമായി ഇറങ്ങിയ ലങ്ക നാലാംദിനം കളിനിറുത്തുമ്പോൾ 170/3 എന്നനിലയിലാണ്. ജയിക്കാൻ ലങ്കയ്ക്ക് 218 റൺസ് കൂടി നേടേണ്ടതുണ്ട്.

■ ലോക പാരാ അത്‌ലറ്റിക്സ്

അമിത് കുമാറിന് വെള്ളി

ലണ്ടൻ : ഇംഗ്ലണ്ടിൽ നടക്കുന്ന ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപിൽ എഫ്51 വിഭാഗം ത്രോ ഇനത്തിൽ ഇന്ത്യയുടെ അമിത് കുമാർ സരോഹയ്ക്ക് വെള്ളിമെഡൽ. 32.05 മീറ്റർ എറിഞ്ഞ ഈ ഹരിയാനക്കാരൻ പുതിയ ഏഷ്യൻ റെക്കാഡ് കുറിച്ചാണ് വെള്ളി മെഡൽ കരസ്ഥമാക്കിയത്. 31.99 മീറ്റർ എറിഞ്ഞ സെർബിയയുടെ സെലീക്കോ ദിമിത്രിയേവിക് ലോക റെക്കാഡോടെ സ്വർണം നേടി. 2015 ൽ ദോഹയിൽനടന്ന ലോക ചാമ്പ്യൻഷിപിലും അമിത് ഈയിനത്തിൽ വെള്ളി നേടിയിരുന്നു. 2014 ഇഞ്ചിയോൺ ഏഷ്യൻ പാരാ ഗെയിംസിൽ സ്വർണവും സ്വന്തമാക്കിയിട്ടുണ്ട്.

മിഗ്വേൽ ഏൻജൽ ഡൽഹി കോച്ച്

ന്യൂഡൽഹി : ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ ക്ലബായ ഡൽഹി ഡൈനാമോസ്തങ്ങളുടെ പുതിയ പരിശീലകനായി സ്പാനിഷ് ക്ലബ് റയൽ മാഡ്രിഡിന്റെ മുൻ താരം മിഗ്വേൽ ഏൻജൽ പോർച്ചുഗലിനെ നിയമിച്ചു.

കഴിഞ്ഞ സീസണിൽ ഡൈനാമോസിനെ പരിശീലിപ്പിച്ച ഇറ്റാലിയൻ ലോകകപ് ജേതാവ് ജിയാൻലൂക്ക സാംബ്രോട്ടയ്ക്കുപകരമാണ്മിഗ്വേൽഏൻജൽ എത്തുന്നത്. അൾജീരിയൻ ക്ലബ് സ്പോർട്ടിഫ് കോൺസ്റ്റാന്റിനോയ്സിന്റെ പരിശീലക സ്ഥാനത്ത്നിന്നാണ്മിഗ്വേൽഡൽഹിയിലേക്ക് എത്തുന്നത്. 61 കാരനായ മിഗ്വേലിന് 21 വർഷത്തെ പരിശീലന പരിചയമുണ്ട്. റയൽ മാഡ്രിഡിന്റെസി, ബി ടീമുകൾക്കുപുറമെ റേസിംഗ്സന്റാഡർ, ക്ലബ് ബൊളിവർ, അത്‌ലറ്റികോ പരാനിയൻസ്എന്നിവയെയും പരിശീലിപ്പിച്ചിട്ടുണ്ട്. നാലുവർഷത്തോളം റയലിന്റെ കളിക്കാരനായിരുന്ന ഇദ്ദേഹം രണ്ടുവർഷം ടെക്നിക്കൽ ഡയറക്ടറുമായിരുന്നു.

റൊമേറോ മാഞ്ചസ്റ്ററുമായി കരാർ പുതുക്കി

ലണ്ടൻ : അർജന്റീനക്കാരനായ ഗോളി സെർജിയോ റൊമേറോ ഇംഗ്ലീഷ് ഫുട്ബാൾ ക്ലബ് മാഞ്ചസ്റ്റർ യുണൈറ്റഡുമായുള്ള കരാർ പുതുക്കി. 2015 ൽ മാഞ്ചസ്റ്ററിലെത്തിയ റൊമേറോ നാലുവർഷത്തേക്ക് കൂടിയാണ് ക്ലബുമായുള്ള കരാർ നീട്ടിയത്.